**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3160** **07-10-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ തസ്തിക പരിഷ്കരണവും ആനുകൂല്യങ്ങളുടെ വിതരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിലെ ഭരണസമിതിയോഗം പരിഷ്കരിക്കാൻ തീരുമാനിച്ച തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | പരിവർത്തനത്തിനായി കണ്ടെത്തിയ പ്രധാന തസ്തിക വിഭാഗങ്ങൾ താഴെക്കൊടുക്കുന്നു:<br><br>ഹൈഡ്രോ ജിയോളജിസ്റ്റ് (Hydro Geologist)<br><br>ലൈഫ് ഗാർഡ് കം കോച്ച് (Life Guard cum coach)<br><br>ലൈഫ് ഗാർഡ് (Life Guard)<br><br>ടെലിഫോൺ ഓപ്പറേറ്റർ (Telephone Operator)<br><br>ബൈൻഡർ (Binder)<br><br>ഗാർഡൻ സൂപ്രണ്ട് (Garden Superintendent)<br><br>ഗാർഡനർ (Gardener)<br><br>സ്കിൽഡ് വർക്കർ (Skilled Worker)<br><br>ലൈൻ മാൻ/ലൈൻ മേസ്തിരി (Line man/Line Maistry)<br><br>ക്ലീനർ (Cleaner)<br><br>വാച്ച്മാൻ കം വാൽവ് ഓപ്പറേറ്റർ (Watchman cum valve Operator)<br><br>ലാസ്കർ (Lascar)<br><br>ഓഫീസ് അറ്റൻഡന്റ് (Office attendant) (ഭാഗികമായി)<br><br>വാച്ച്മാൻ (Watchman) (ഭാഗികമായി)<br><br>ഈ തസ്തികകളെ പുതിയതും പ്രവർത്തനപരമായി പ്രസക്തവുമായ തസ്തിക കളിലേക്ക് പരിവർത്തനം ചെയ്യാനാണ് ശുപാർശ ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | വാച്ച്മാൻ തസ്തികകളുമായി ബന്ധപ്പെട്ട് ഭരണസമിതി എന്ത് പരിഷ്കരണമാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ; | (ബി) | നിലവിലുള്ള 242 വാച്ച്മാൻ തസ്തികകളിൽ 99 പേരുടെ സേവനം സ്ഥിരമായി ആവശ്യമുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ, അധികമുള്ള 143 വാച്ച്മാൻ തസ്തികകൾ പ്രവർത്തനപരമായ ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യാൻ പരിഗണിച്ചിട്ടുണ്ട്. കൂടാതെ, വാച്ച്മാൻ കം വാൽവ് ഓപ്പറേറ്റർ തസ്തിക കാലഹരണപ്പെട്ടതിനാൽ നിലവിലെ പ്രവർത്തന രീതികൾക്ക് അനുയോജ്യമായ ഒരു തസ്തികയായി ഈ തസ്തികയും പരിവർത്തനം ചെയ്യാനും ആവശ്യപ്പെട്ടിരിക്കുന്നു. |
| (സി) | ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ വരുത്തിയ മാറ്റം എന്താണെന്ന് വ്യകതമാക്കുമോ; | (സി) | നിലവിൽ ഇലക്ട്രോണിക് ഫയലിംഗ് സിസ്റ്റം സ്വീകരിച്ചതിലൂടെ ഓഫീസ് അറ്റൻഡന്റ് മാരുടെ ദൈനംദിന കാര്യങ്ങളിലെ മാനുവൽ ഇടപെടലുകളുടെ ആവശ്യകത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, നിലവിലുള്ള 572 തസ്തികകളിൽ, ഓഫീസുകളിലെ പതിവ് ജോലികളിൽ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി കുറഞ്ഞ എണ്ണം ജീവനക്കാരെ നിലനിർത്താനും, ബാക്കിയുള്ള തസ്തികകൾ പ്രവർത്തനപരമായി കൂടുതൽ പ്രസക്തമായ ആവശ്യകതകളിലേക്ക് പരിവർ ത്തനം ചെയ്യാനും നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി, പ്രൊപ്പോസലിന്റെ ആദ്യ ഘട്ടമെന്ന രീതിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ 39 എണ്ണം പരിവർത്തനം ചെയ്ത് മീറ്റർ റീഡറുടെ 34 തസ്തികകൾ സൃഷ്ടിച്ച് അംഗീകാരം നൽകി. പുതിയ വാട്ടർ കണക്ഷനുകൾ വർദ്ധിച്ചതിലൂടെ അധികരിച്ചു വരുന്ന മീറ്റർ റീഡിംഗ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് ഈ മാറ്റം വരുത്തിയത്. |
| (ഡി) | ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) | തസ്തിക പരിഷ്കരണം ലക്ഷ്യമിടുന്നത്, കാലഹരണപ്പെട്ടതും നിലവിൽ ആവശ്യമില്ലാ ത്തതുമായ തസ്തികകളെ പരിവർത്തനം ചെയ്യുക എന്നതാണ്. അതുകൊണ്ട് തന്നെ, ഈ തസ്തികകളുടെ പരിവർത്തനം കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയില്ല. മറിച്ച്, സാമ്പത്തികപരമായ പ്രതിസന്ധി, സാങ്കേതികവിദ്യകളിലുണ്ടായ പുരോഗതി, ഇ-ഓഫീസ് സമ്പ്രദായം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, കാലഹരണപ്പെട്ട തസ്തികകൾ പരിവർത്തനം ചെയ്യുന്നതിലൂടെ അതോറിറ്റിക്ക് അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ സാധിക്കും. ഈ പരിഷ്കരണത്തിന്റെ ഭാഗമായി, |

| | | | |
|---|---|---|---|
| | | | കൂടുതൽ കാര്യക്ഷമതയും ഉത്പാദനക്ഷമതയും ഉറപ്പാക്കാൻ കഴിവുള്ളതും സാങ്കേതികമായി ഉയർന്ന നിലവാരമുള്ളതുമായ 14 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പുതിയ തസ്തികകൾ അതോറിറ്റിയുടെ പ്രവർത്തനശേഷിയെയും ഉത്പാദനക്ഷമത യെയും വളരെയധികം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും. |
| (ഇ) | കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയെങ്കിലും സ. ഉ. (അ) നം. 23/2022/ജ. വി. വ. പ്രകാരം ശമ്പള പരിഷ്കരണ കുടിശിക 2022 സെപ്തംബർ മാസത്തെ ശമ്പളത്തോടൊപ്പം പി. എഫ്.-ൽ ലഭ്യമാക്കിയിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണം, മാർച്ച്, 2021 വരെ നൽകേണ്ട ക്ഷാമബത്ത (ഡി.എ) കുടിശ്ശിക 'നോഷണൽ' (Notional) ആയി കണക്കാക്കിയിരിക്കുന്നു എന്നതാണ്.<br><br>നിലവിൽ, ക്ഷാമബത്ത കുടിശ്ശിക 'നോഷണൽ' എന്ന് പ്രതിപാദിച്ചുകൊണ്ട്, ശമ്പള വെബ്സൈറ്റായ ജി-സ്പാർക്ക് (G-SPARK) സംവിധാനത്തിൽ ഈ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ബിൽ പ്രോസസ്സ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ഇത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (എഫ്) | ശമ്പള വെബ്സൈറ്റായ ജി-സ്പാർക്-ൽ ഈ ശമ്പള പരിഷ്കരണ കുടിശികയുടെ ബിൽ പ്രോസസ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; പ്രസ്തുത കുടിശിക പി. എഫ്.-ൽ ലയിപ്പിക്കുന്നതിൽ മറ്റെന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണം, മാർച്ച്, 2021 വരെ നൽകേണ്ട ക്ഷാമബത്ത (ഡി.എ) കുടിശ്ശിക 'നോഷണൽ' (Notional) ആയി കണക്കാക്കിയിരിക്കുന്നു എന്നതാണ്.<br><br>നിലവിൽ, ക്ഷാമബത്ത കുടിശ്ശിക 'നോഷണൽ' എന്ന് പ്രതിപാദിച്ചുകൊണ്ട്, ശമ്പള വെബ്സൈറ്റായ ജി-സ്പാർക്ക് (G-SPARK) സംവിധാനത്തിൽ ഈ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ബിൽ പ്രോസസ്സ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ഇത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ജി) | കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശിക അടിയന്തരമായി പി. എഫ്.-ൽ ലയിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണം, മാർച്ച്, 2021 വരെ നൽകേണ്ട ക്ഷാമബത്ത (ഡി.എ) കുടിശ്ശിക 'നോഷണൽ' (Notional) ആയി കണക്കാക്കിയിരിക്കുന്നു എന്നതാണ്.<br><br>നിലവിൽ, ക്ഷാമബത്ത കുടിശ്ശിക 'നോഷണൽ' എന്ന് പ്രതിപാദിച്ചുകൊണ്ട്, ശമ്പള വെബ്സൈറ്റായ ജി-സ്പാർക്ക് (G-SPARK) സംവിധാനത്തിൽ ഈ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ബിൽ പ്രോസസ്സ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ഇത് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ